## 621

*സങ്കീർത്തനം- 73,      രീതി: എത്ര നല്ലമിത്രമെനിക്കേശു*

1 നിർമ്മല ഹൃദയന്മാർക്കെൻ ദൈവം-എത്ര
നല്ലവനതിനില്ലൊരു വാദം-
എന്നാൽ ദുർമ്മതികൾ സുഖികളായ്
തിരുവതിലിടറിയെന്നുള്ളം -തിരതുല്യം

2 വേദനകൾ ലേശമവർക്കില്ല-ദേഹമാകവേ
തടിച്ചുരുണ്ട വല്ലാ-തതാൽ
മാലയായി ഡംഭം ധരിച്ചതിതരാം
ഞെളിയുന്നിതമ്പോ-ബഹു-വൻപർ

3 പുഷ്ടിയാലുന്തിന കൺകളില്ലേ?-
അവർക്കിഷ്ടമെല്ലാം സാധിച്ചിടുന്നില്ലേ?
ഞാനോ-കുറ്റമില്ലായ്മയിലെന്റെ
കൈകളെ കഴുകിയതു വ്യർത്ഥം-തീരെ വ്യർത്ഥം-

4 ഇങ്ങനെ ചിന്തിച്ച മൗഢ്യചിന്ത-
പുറത്തൊന്നുരപ്പാൻ തുനി-
ഞ്ഞെങ്കിലെന്തായിടും? തുംഗതരമായ ദ്രോഹം
പിൻതലമുറയ്ക്കുണ്ടാക്കി തീർക്കും-ദോഷം-ചേർക്കും

5 കൗതുകത്തോടിവരുടെ ഭാവി-ചിന്തി-
ച്ചീയിവനീശാന്തികത്തിൽ മേവി-അപ്പോൾ
യാഹി വരെ വഴുതലിൽ നിർത്തിയിരിപ്പതായ്
ബോധമാർന്നു-മോഹം തീർന്നു

6 നിന്നടുക്കലിരിപ്പു ഞാനീശാ-
ഭവാനെൻ വലംകൈ പിടിക്കുന്നു
കൂശാതിവൻ നിൻ വിശിഷ്ടാലോചനയാൽ
നന്മയിൽ നടന്നു വാനിൽ ചേരും-ക്ലേശം തീരും

7 സ്വർപുരിയിൽ നിന്നെയൊഴിഞ്ഞാരുള്ളെനി-
ക്കാഗ്രഹിപ്പാൻ പാരിലും വേറാരു-ള്ളതാൽ
സുസ്ഥിരമാം പാറയുമെൻ സ്വത്തുമഖിലേശാ!
നീ മാത്രം തവ സ്തോത്രം

8 നിന്നോടകന്നിടുന്നവർ പോക്കാ-ണവർ സംഹരിക്കപ്പെടും
തിരുവാക്കാലെന്നാൽ നിന്നോടടുത്തിരുക്കും ഞാൻ
നിൻ നുതികൾ മുഴക്കും-നീ വന്ദ്യൻ സർവ വന്ദ്യൻ!-

**K.V.S**